‘നടക്കാത്ത’ മോഹനവാഗ്ദാനവുമായി വൈക്കത്ത് എൻഡിഎ സ്ഥാനാർഥി

കൊച്ചി: വൈക്കം ജനതയ്ക്ക് ഒരിക്കലും നടക്കാത്ത മോഹനവാഗ്ദാനവുമായി ബിജെപി സ്ഥാനാർഥി കളത്തിലിറങ്ങി. വൈക്കത്തേക്ക് മെട്രോ റെയിൽ ഓടിക്കും എന്നാണ് അജിത് വാഗ്ദാനം നൽകിയത്. പത്ത് വർഷക്കാലം സിപിഐയുടെ എം എൽ എ ആയിരുന്ന കെ അജിത് അടുത്തിടെയാണ് വീണ്ടും സീറ്റ് ലഭിക്കാത്തതിനെ തുടർന്ന് ബിജെപിയിൽ ചേർന്നത്.

പത്ത് വർഷ കാലയളവിനുള്ളിൽ മണ്ഡലത്തിന് വേണ്ടി ഒന്നും ചെയ്യാത്ത അജിത്തിന്റെ ഈ മോഹന വാഗ്ദാനം മുഖവിലയ്ക്ക് പോലും വൈക്കത്തുകാർ എടുത്തിട്ടില്ല.

വർഷങ്ങളായി സംവരണ മണ്ഡലമായി നിലനിൽക്കുന്ന വൈക്കം കഴിഞ്ഞ പത്ത് വർഷം സിപിഐയിലെ സി കെ ആശയാൺ എം എൽ എ ആയിരുന്നത്. മൂന്നാം തവണയും ആശയ്ക്ക് അവസരം നൽകാനുള്ള നീക്കമുണ്ടായപ്പോഴാണ് അജിത് പാർട്ടിയുമായി തെറ്റി ബിജെപിയിൽ ചേർന്നത്. തെരഞ്ഞെടുപ്പിൽ മത്സരിക്കാനാളില്ലാതെ ആളെ തേടുന്ന ഘട്ടത്തിലാണ് ബിജെപിയിൽ ചേരാനുള്ള ആഗ്രഹവുമായി ഇയാൾ രംഗത്തെത്തുന്നത്.

ബിജെപി ആകട്ടെ മുൻപിൻ നോക്കാതെ അജിത്തിനെ സർവാത്മനാ സ്വാഗതം ചെയ്തു. ഒരു കെഎസ് ആർ ടി സി ബസ് സ്റ്റേഷൻ പോലും മര്യാദയ്ക്ക് കൊണ്ട് നടക്കാത്ത വൈക്കത്തേക്കാണ് മെട്രോ റെയിൽ കൊണ്ടുവരുമെന്ന കെ അജിത്തിന്റെ വാഗ്ദാനം. ഇരു മുന്നണികളിലും അജിത്തിന്റെ ഈ വാഗ്ദാനം പരിഹാസത്തിനു ഇടയാക്കി. കഴിഞ്ഞ അഞ്ച് വർഷമായി കേരള ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ തിയേറ്റർ നിർമാണം തുടങ്ങിയിട്ട്. ഇതുവരെ ഉദ്ഘാടനം നടത്താൻ പോലും ആയിട്ടില്ല. എന്നും സിപിഐക്ക് ഒപ്പം നിന്നിട്ടുള്ള ഈ മണ്ഡലത്തിന് ശനിദശ മാറ്റുമെന്നാണ് എൻ ഡി എ സ്ഥാനാർഥി വിളിച്ചുകൂവുന്നുണ്ടെങ്കിലും എന്തെങ്കിലും നടത്തി കിട്ടിയാൽ ഭാഗ്യം എന്നാണ് ജനങ്ങൾ പറയുന്നത്.

ജീവിക്കാൻ അനുവദിക്കണമെന്ന് മൊണാലിസയും ഭർത്താവും

കൊച്ചി: ആദ്യ ചിത്രത്തിന്റെ സംവിധായകൻ മൂന്ന് വട്ടം സമ്മതമില്ലാതെ തന്നെ സ്പർശിക്കാൻ ശ്രമിച്ചുവെന്ന് വൈറൽ താരം മൊണാലിസ. വിവാദം ഉണ്ടാക്കുന്നത് ഈ ഡയറക്ടറാണെന്നും അവർ കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.കുംഭമേള വൈറൽ താരം മൊണാലിസ ഭോസ്‌ലെയും ഉത്തർപ്രദേശ് സ്വദേശി ഫർമാൻ ഖാനും തമ്മിൽ കേരളത്തിൽ നടന്ന വിവാഹത്തിന് പുതിയ കുരുക്ക് സൃഷ്ടിച്ച മധ്യപ്രദേശ് സർക്കാരിനെതിരെ ഇരുവരും രംഗത്ത്. തങ്ങളെ സ്വസ്ഥമായി ജീവിക്കാൻ അനുവദിക്കണം എന്ന് ആവശ്യപ്പെട്ട് ഇരുവരും രംഗത്തെത്തി.

കേരളത്തിൽ തന്നെ ജീവിക്കാൻ ആഗ്രഹിക്കുന്നതായി ഇരുവരും പറഞ്ഞു.ഇരുവരുടെയും ആധാർ കാർഡുകൾ മാധ്യമങ്ങൾക്ക് മുന്നിൽ തെളിവായി ഉയർത്തി കാട്ടുകയും തങ്ങൾക്ക് പ്രായപൂർത്തി ആയതായും നിയമ പ്രകാരം വിവാഹം കഴിക്കാമെന്നും അവർ പറഞ്ഞു.ഷൂട്ടിങ്ങിനിടെ തന്റെ ആദ്യചിത്രത്തിന്റെ സംവിധായകൻ മൂന്ന് വട്ടം സമ്മതമില്ലാതെ സ്പർശിക്കാൻ ശ്രമിച്ചുവെന്നും അപ്പോൾ തന്നെ പ്രതികരിച്ചുവെന്നും മോണാലിസ പറഞ്ഞു.ഒരിക്കൽ ചെരുപ്പ് ഉപയോഗിച്ച് ഡയറക്ടറെ അടിക്കുകയും ചെയ്തു. അന്ന് തന്റെ മാതാപിതാക്കൾ പരാതിപ്പെടുന്നതിന് തടസം നിന്നുവെന്നും ഇന്ന് തനിക്കെതിരെ നടക്കുന്ന പ്രചരണങ്ങൾക്ക് പിന്നിൽ ഡയറക്ടർ ആണെന്നും ഇരുവരും പറഞ്ഞു.

അതുകൊണ്ടാണ് താൻ നേരിട്ട ദുരനുഭവം മാധ്യമങ്ങൾക്ക് മുന്നിൽ വിവരിക്കുന്നത്. ഈ രാജ്യത്ത് ഹിന്ദുവും മുസ്ലിമും സ്നേഹിക്കുന്നതും കല്യാണം കഴിക്കുന്നതും ആദ്യത്തെ സംഭവം അല്ലെന്നും മോണാലിസ പറഞ്ഞു.എല്ലാ മതങ്ങളെയും ആചാരങ്ങളെയും ബഹുമാനിക്കുന്ന വ്യക്തിയാണ് താൻ എന്ന് മോണാലിസയുടെ ഭർത്താവ് പറഞ്ഞു.

താൻ അനുഭവിച്ച പീഡനകാര്യങ്ങൾ വിശദീകരിക്കുന്നതിനിടെ മാധ്യമപ്രവർത്തകർക്കു മുന്നിൽ വിതുമ്പുന്ന, കുംഭമേള വൈറൽ താരം മൊണാലിസ ഭോസ്‌ലെ. ഭർത്താവ് ഫർമാൻ ഖാൻ സമീപം. ● മനു ഷെല്ലി

ബാലറ്റുകളുടെ വിതരണം: ജില്ലാതല ക്ലിയറൻസ് സെന്റർ പ്രവർത്തനം ആരംഭിച്ചു

കാക്കനാട് :തെരഞ്ഞെടുപ്പ് ജോലിയിൽ ഏർപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് പോസ്റ്റൽ ബാലറ്റ് പേപ്പറുകൾ വിതരണം ചെയ്യുന്നതിനുള്ള ജില്ലാ/ സംസ്ഥാനതല ക്ലിയറൻസ് സെന്റർ കാക്കനാട് ജില്ലാ പഞ്ചായത്ത് പ്രിയദർശനി ഹാളിൽ പ്രവർത്തനമാരംഭിച്ചു. ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കലക്ടർ ജി പ്രിയങ്ക ഉദ്ഘാടനം ചെയ്തു . ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എ.എസ് ശ്രീകല, ദുരന്തനിവാരണം ഡെപ്യൂട്ടി കലക്ടറും പോസ്റ്റൽ ബാലറ്റ് നോഡൽ ഓഫീസറുമായ ജി. ശ്രീകുമാർ സംസ്ഥാനതല ക്ലിയറൻസ് സെന്റർ ഇൻചാർജ് ജെ.സിമി തുടങ്ങിയവർ പങ്കെടുത്തു.

എൽഡിഎഫ്-എൻഡിഎ പരാതി തള്ളി

വി.ഡി സതീശന്റെ പത്രിക സ്വീകരിച്ചു

കൊച്ചി: പ്രതിപക്ഷ നേതാവ് വിഡി സതീശന്റെ നാമനിർദേശ പത്രികയ്ക്കെതിരായ പരാതി തെരഞ്ഞെടുപ്പ് കമ്മീഷൻ തള്ളി. യഥാർഥ വരുമാനം കാണിച്ചില്ലെന്ന് ആരോപിച്ച് എൽഡിഎഫും എൻഡിഎയുമാണ് പരാതി നൽകിയത്. നാമനിർദേശ പത്രികയുടെ സൂക്ഷ്മപരിശോധനയ്ക്ക് മുമ്പാണ് പറവൂരിലെ എൽഡിഎഫ് സ്ഥാനാർഥിയായ ടൈസൺ മാസ്റ്ററും എൻഡിഎയും പരാതി നൽകിയത്. സൂക്ഷ്മ പരിശോധനയ്ക്കൊടുവിലാണ് വിഡി സതീശന്റെ പത്രിക അംഗീകരിച്ചത്.

അഭിഭാഷകനായ വിഡി സതീശന്റെ വരുമാനത്തിന്റെ യഥാർഥ സ്രോതസ് കാണിച്ചില്ല, ഉപയോഗിക്കുന്ന ഔദ്യോഗിക വാഹനത്തിന്റെ പിഴ അടച്ചതിന്റെ കുടിശികയുടെയും വിവരങ്ങൾ കാണിച്ചില്ല, കൈവശമുള്ള സ്വർണത്തിന്റെ മൂല്യം പത്രികയിൽ കാണിച്ചില്ല എന്നീ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ടായിരുന്നു പരാതി.

വിഡി സതീശൻ തിങ്കളാഴ്ച തെരഞ്ഞെടുപ്പ് കമ്മീഷന് മുന്നിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ, ജംഗമ, സ്ഥാവര സ്വത്തുക്കൾ ഉൾപ്പെടെ മൂന്ന് കോടി രൂപയുടെ ആസ്തി ഉണ്ടെന്ന് പ്രഖ്യാപിച്ചു. സതീശന് 53.82 ലക്ഷം രൂപയുടെ ജംഗമ സ്വത്തുക്കളും ഭാര്യയ്ക്ക് 68.45 ലക്ഷം രൂപയുടെ ജംഗമ സ്വത്തുക്കളുമുണ്ട്.ഭൂമിയും മറ്റ് സ്വത്തുക്കളും ഉൾപ്പെടെയുള്ള അദ്ദേഹത്തിന്റെ സ്ഥാവര സ്വത്തുക്കളുടെ മൂല്യം 2.42 കോടി രൂപയും ഭാര്യയുടെ സ്ഥാവര സ്വത്തിന് 1.85 കോടി രൂപയുമാണ്. സതീശന് 24 ലക്ഷം രൂപയുടെ ബാധ്യതകളുണ്ട്, ഭാര്യയ്ക്ക് 17.45 ലക്ഷം രൂപയുടെ വായ്പകളുണ്ട്. നിയമസഭയിലെ പ്രതിപക്ഷ നേതാവിനെതിരെ 18 ക്രിമിനൽ കേസുകൾ നിലവിലുണ്ട്.

വ്യായാമകേന്ദ്രങ്ങളിൽ വോട്ടുതേടി മാത്യു കുഴൽനാടൻ

മുവാറ്റുപുഴ : പൈങ്ങോട്ടൂർ, പോത്താനിക്കാട് പഞ്ചായത്തുകളിലെ വിവിധ വ്യായാമ കേന്ദ്രങ്ങൾ സന്ദർശിച്ചു കൊണ്ടായിരുന്നു യുഡിഎഫ് സ്ഥാനാർഥി ഡോ. മാത്യു കുഴൽനാടൻ ഇന്നലെ രാവിലെ തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്ക് തുടക്കമിട്ടത്.തുടർന്ന് പോത്താനിക്കാട് ജംഗ്ഷനിൽ വിവിധ വ്യാപാര സ്ഥാപനങ്ങൾ സന്ദർശിച്ചു ജീവനക്കാരോടും നാട്ടുകാരോടും പിന്തുണ തേടി.

യുഡിഎഫ് സ്ഥാനാർഥി മാത്യു കുഴൽനാടന്റെ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫിസ് ഡീൻ കുര്യാക്കോസ് എംപി ഉദ്ഘാടനം ചെയ്തു. മുവാറ്റുപുഴ കാന്റോൻ മാളിന്റെ താഴത്തെ നിലയിലാണ് ഓഫിസ് പ്രവർത്തിക്കുന്നത്.കെ.എം സലിം, കെഎം അബ്ദുൾ മജീദ്, കെ.എം പരീത്, പി.പി എൽദോസ്, ഉല്ലാസ് തോമസ്, ജോസ് പെരുമ്പിള്ളിക്കുന്നേൽ, ഹാജി പി എസ് സലിം, അഡ്വ. വർഗീസ് മാത്യു, സാബു ജോൺ, സുഭാഷ് കടയ്ക്കോട്, പി.എ ബഷീർ, ജോസ് വള്ളമറ്റം, ഷൈസൻ പി മാങ്കുഴ, കെ.ജി രാധാകൃഷ്ണൻ ജോയ്സ് മേരി ആന്റെണി, പി.വി അബ്ദുൾ സലാം, ഒ.എം സുബൈർ, ടോം കുര്യച്ചൻ, റെജി ജോർജ്, തോംസൺ പീച്ചപ്പിള്ളി, എം.എസ് സുരേന്ദ്രൻ, ബേബി ജോൺ, കെ.എ അബ്ദുൾ സലാം എന്നിവർ സംസാരിച്ചു.

പോത്താനിക്കാട് വ്യായാമ കേന്ദ്രത്തിൽ യുഡിഎഫ് സ്ഥാനാർത്ഥി മാത്യു കുഴൽനാടൻ വോട്ട് അഭ്യർത്ഥിക്കുന്നു.

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ജില്ലയിൽ ആയുധങ്ങൾ കൈവശം വയ്ക്കുന്നത് നിരോധിച്ച് ഉത്തരവായി

കാക്കനാട് : നിയമസഭാ തെരഞ്ഞെടുപ്പ് സമാധാനപരമായി നടത്തുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. വോട്ടെടുപ്പിനോടനുബന്ധിച്ച് ജില്ലയിൽ ആയുധങ്ങൾ കൈവശം വെക്കുന്നതും കൊണ്ടുനടക്കുന്നതും നിരോധിച്ചു കൊണ്ട് ജില്ലാ കലക്ടറും ജില്ലാ മജിസ്ട്രേറ്റുമായ ജി പ്രിയങ്ക ഉത്തരവിട്ടു. ഭാരതീയ നാഗരിക് സുരക്ഷാ സംഹിത 2023-ലെ സെക്ഷൻ 163 പ്രകാരമാണ് നിരോധനാജ്ഞ പുറപ്പെടുവിച്ചിരിക്കുന്നത്. ഏപ്രിൽ 9-ന് നടക്കുന്ന വോട്ടെടുപ്പിന്റെ പശ്ചാത്തലത്തിൽ മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്ന സാഹചര്യത്തിലാണ് ഈ നടപടി. തോക്കുകൾ, കുന്തങ്ങൾ, വാളുകൾ, വടികൾ, മാരകായുധങ്ങൾ, കല്ലുകൾ, ലാത്തികൾ തുടങ്ങിയവ പൊതുസ്ഥലങ്ങളിൽ കൈവശം വെക്കുന്നതും പ്രദർശിപ്പിക്കുന്നതും പൂർണ്ണമായും നിരോധിച്ചു.

തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം വരുന്നത് വരെ നിരോധനം നിലനിൽക്കും. ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കും.ഡ്യൂട്ടിയിലുള്ള പൊലീസ്, അർദ്ധസൈനിക വിഭാഗങ്ങൾ. ബാങ്കുകളുടെ സുരക്ഷയ്ക്കായി ആയുധം ഉപയോഗിക്കുന്നവർ,കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന ഷൂട്ടിംഗ് താരങ്ങൾ (ഇവർ പ്രത്യേക അനുമതി പത്രം കൈപ്പറ്റേണ്ടതാണ്).ആചാരപരമായോ നിയമപരമായോ ആയുധങ്ങൾ പ്രദർശിപ്പിക്കാൻ അവകാശമുള്ള സമുദായങ്ങൾ എന്നീ വിഭാഗങ്ങൾക്ക് ഇളവ് ഉണ്ടാകും.

ലൈസൻസുള്ള തോക്കുകൾ കൈവശമുള്ളവരുടെ കാര്യത്തിൽ ജില്ലാ സ്ക്രീനിംഗ് കമ്മിറ്റി വ്യക്തിഗത പരിശോധന നടത്തും. ക്രമസമാധാന പാലനത്തിന് അത്യാവശ്യമെന്ന് കണ്ടാൽ ഇവ അധികൃതർക്ക് മുൻപാകെ ഹാജരാക്കാൻ നിർദ്ദേശിക്കും.

ബസേലിയോസ് ജോസഫ് ബാവയുടെ ഒന്നാം കാതോലിക്ക സ്ഥാനാരോഹണ വാർഷികം ഇന്ന്

കോലഞ്ചേരി: യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ ആബൂൻ മോർ ബസ്സേലിയോസ് ജോസഫ് ബാവയുടെ ഒന്നാം കാതോലിക്ക സ്ഥാനാരോഹണ വാർഷികം ഇന്ന് നടക്കും. ദൈവമാതാവിന്റെ വചനിപ്പ് പെരുന്നാൾ ദിനം കൂടിയായ ഇന്ന് രാവിലെ 7.30ന് പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിലെ സെന്റ് അത്തനേഷ്യസ് കത്തീഡ്രലിൽ ശ്രേഷ്ഠബാവയുടെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബ്ബാന നടക്കും. സഭയിലെ മെത്രാപ്പോലീത്തമാരും സഭാഭാരവാഹികളും വൈദികരും വിശ്വാസികളും ചടങ്ങിൽ സംബന്ധിക്കും.



ആബൂൻ മോർ ബസേലിയോസ് ജോസഫ് ബാവ.

പശ്ചിമേഷ്യയിലെ നിലവിലുള്ള യുദ്ധസാഹചര്യങ്ങളും അശാന്തിയും കണക്കിലെടുത്ത് ആഘോഷങ്ങൾ പൂർണമായുംഒഴിവാക്കിപ്രാർത്ഥനാപൂർവ്വമായ ചടങ്ങുകൾക്ക് മാത്രമാണ് പ്രാധാന്യം നൽകിയിരിക്കുന്നത്.2025 മാർച്ച് 25-നായിരുന്നു ലബനോനിലെ ബെയ്റൂട്ടിലുള്ള അച്ചനെ സെന്റ് മേരീസ് പാത്രിയർക്കാ കത്തീഡ്രലിൽ വെച്ച് ചരിത്രപ്രധാനമായ സ്ഥാനാരോഹണ ചടങ്ങുകൾ നടന്നത്. ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവായുടെ മുഖ്യ കാർമികത്വത്തിലായിരുന്നു സ്ഥാനാരോഹണം.കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രത്യേക പ്രതിനിധികൾ, ലോകത്തിലെ വിവിധ ക്രൈസ്തവ സഭാ മേലധ്യക്ഷന്മാർ, മെത്രാപ്പോലീത്തമാർ, ലബനോനിലെ വിശിഷ്ടവ്യക്തികൾ, ഇന്ത്യയിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായെത്തിയഎഴുനൂറിലധികം വിശ്വാസികൾ എന്നിവരുടെ സാന്നിധ്യത്തിൽ നടന്ന ആ ചടങ്ങ് മലങ്കര സുറിയാനി സഭയുടെ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായിരുന്നു.

യുവജനങ്ങൾക്ക് ദിശാബോധം നൽകാൻ ‘ലോസ് ആൻഡസ് കോൺക്ലേവ് 2026’

കൊച്ചി: മഞ്ഞുമ്മൽ പ്രൊവിൻസിന്റെ കീഴിലുള്ള ലോസ് ആൻഡസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി യുവജനങ്ങൾക്കായി ‘ലോസ് ആൻഡസ് കോൺക്ലേവ് 2026’ എന്ന വിദ്യാഭ്യാസ സംഗമം 27-ന് പാലാരിവട്ടം പി.ഒ.സിയിൽ നടക്കും.

അന്താരാഷ്ട്ര വിദ്യാഭ്യാസവും വിദേശ അവസരങ്ങളും സംബന്ധിച്ച് സമൂഹത്തിൽ ഉയർന്ന് വരുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനായാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. തെറ്റായ വിവരങ്ങൾ, യാഥാർഥ്യമില്ലാത്ത പ്രതീക്ഷകൾ, ശരിയായ മാർഗനിർദേശങ്ങളുടെ അഭാവം എന്നിവ മൂലം നിരവധി കുടുംബങ്ങൾ സാമ്പത്തികവും മാനസികവുമായ ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിലാണ് ഈ പരിപാടി.വിദ്യാർത്ഥികളും സമൂഹവും ഉത്തരവാദിത്വത്തോടെ തീരുമാനങ്ങൾ എടുക്കുന്നതിനും, ധാർമ്മിക സമീപനവും പ്രായോഗിക പരിഹാരങ്ങളും സ്വീകരിക്കുന്നതിനും കോൺക്ലേവ് സഹായകരമാകും. യുവജനങ്ങൾക്ക് അവസരങ്ങൾ കൂടുതൽ ചിന്താപൂർവ്വവും സാമൂഹിക ആഗോള ഉത്തരവാദിത്വത്തോടെയും സമീപിക്കാൻ ഈ പരിപാടി പ്രചോദനമാകും.

കേരള എൻജിഒ അസോസിയേഷൻ 51-ാമത് ചേർത്തല ബ്രാഞ്ച് വാർഷിക സമ്മേളനം

ചേർത്തല: കേരള എൻജിഒ അസോസിയേഷൻ 51-ാമത് ചേർത്തല ബ്രാഞ്ച് വാർഷിക സമ്മേളനം സംസ്ഥാന പ്രസിഡന്റ് എ എം ജാഫർ ഖാൻ ഉദ്ഘാടനം ചെയ്തു.

ചേർത്തല എൻഎസ്എസ് യൂണിയൻ ഹാളിൽ നടന്ന സമ്മേളനത്തിൽ ബ്രാഞ്ച് പ്രസിഡന്റ് റ്റി. എസ് രജീഷ് അധ്യക്ഷത വഹിച്ചു.ഉച്ചയ്ക്കു ശേഷം നടന്ന പ്രതിനിധി സമ്മേളനം ജില്ലാ പ്രസിഡന്റ് ബിജിമോൻ പൂത്തറ ഉദ്ഘാടനം ചെയ്തു.ജില്ലാ കൗൺസിൽ അംഗം ജി സുനിൽ അധ്യക്ഷതവഹിച്ചു.

കഴിഞ്ഞ 10 വർഷമായി ജീവനക്കാരുടെ ആനുകൂല്യങ്ങൾ സർക്കാർ തടഞ്ഞുവച്ചും, ലീവ് സറണ്ടർ ക്ഷാമബത്ത, , ശമ്പളപരിഷ്കരണ കുടിശിഖ , തുടങ്ങിയ ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നിഷേധിച്ച സർക്കാർ തെരഞ്ഞെടുപ്പ് വരുമ്പോൾ മാത്രം ജീവനക്കാർക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നതും ജീവനക്കാരുടെ ഡാറ്റ ചോർത്തി മെസേജുകൾ അയക്കുന്നതും നീതിയുക്തമല്ലാത്ത പ്രവൃത്തിയെന്ന് യോഗം കുറ്റപ്പെടുത്തി.

മനസിന്റെ ശുദ്ധിയും ദൃഢനിശ്ചയവും കൂടുമ്പോൾ ലക്ഷ്യം സാക്ഷാത്കരിക്കുമെന്ന് സ്വാമി ഗൗതമാനന്ദ

കൊച്ചി: മനസിന്റെ ശുദ്ധിയും ദൃഢനിശ്ചയവും കൂടുമ്പോൾ ലക്ഷ്യം സാക്ഷാത്കരിക്കും എന്ന് ശ്രീരാമകൃഷ്ണ മഠത്തിന്റെയും മിഷന്റെയും ആഗോള അധ്യക്ഷൻ സ്വാമി ഗൗതമാനന്ദ. എറണാകുളം വൈറ്റില ആശ്രമത്തിൽ ആരംഭിക്കുന്ന ’വിവേക ധാമം’ സാമൂഹ്യ ക്ഷേമ കേന്ദ്രത്തിന്റെ ശിലാപൂജ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. വിഭജനമല്ല ഐക്യമാണ് വിജയത്തിലേക്കുള്ള വഴി എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഉച്ചയ്ക്ക് 12 മണിയോടെ വെറ്റില മഠത്തിൽ എത്തിച്ചേർന്ന സ്വാമികളെ മഠാധിപതി ഭുവനാത്മാനന്ദ മഹാരാജിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. തുടർന്ന് സ്വാമികൾ ശ്രീരാമകൃഷ്ണ ക്ഷേത്രത്തിൽ ദർശനം നടത്തി ഭക്തർക്ക് പ്രസാദം നൽകി. വൈകീട്ട് 4 മണിയോടെ കാലടി ആശ്രമത്തിലേയ്ക്ക് തിരിച്ച് അവിടെ നടക്കുന്ന വിശ്വക്ഷേത്രത്തിന്റെ സുവർണ ജൂബിലി ആഘോഷങ്ങളിലും, അഖില കേരള ശ്രീരാമകൃഷ്ണ ഭക്ത സമ്മേളനത്തിലും പങ്കെടുത്ത്, ഭക്തർക്ക് മന്ത്രദീക്ഷയും നൽകി. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് സൗമൻ സെൻ, ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവർ സ്വാമിയെ സന്ദർശിച്ചു. 27ന് അദ്ദേഹം കൊൽക്കത്തയിലേയ്ക്ക് മടങ്ങും.

കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് സൗന്യൻ സെൻ , ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവർ ശ്രീരാമകൃഷ്ണ മിഷൻ ആഗോള അധ്യക്ഷൻ സ്വാമി ഗൗതമാനന്ദജി മഹാരാജിനെ എറണാകുളം വൈറ്റില ശ്രീരാമകൃഷ്ണ മഠത്തിൽ എത്തി സന്ദർശിച്ചപ്പോൾ.

പെട്രോൾ പമ്പ് ജീവനക്കാരെ മർദിച്ച സംഭവത്തിൽ പൊലിസ് അന്വേഷണം

കൊച്ചി: കോലഞ്ചേരി പുളിഞ്ചോട്ടിലെ ജിയോ ബി പി പെട്രോൾ പമ്പിൽ ബസ് ജീവനക്കാരും യാത്രക്കാരും ചേർന്ന് ജീവനക്കാരെ മർദിച്ചതായി പരാതി. മർദനത്തിനിടെ പമ്പിലെ സാധന സാമഗ്രികൾക്ക് കേട് വരുത്തിയതായും പരാതിയിലുണ്ട്. പെട്രോൾ പമ്പിൽ ഇന്ധനം നിറക്കാൻ കയറിയ സമയത്ത് ബസ് ഇന്ധനം നിറയ്ക്കുന്ന ഡിസ്പെൻസറിൽ ഇടിച്ചത് ചോദ്യം ചെയ്ത ജീവനക്കാരെ സംഘം ചേർന്ന് മർദിക്കുകയും ഭീഷണിപ്പെടുത്തിയെന്നുമാണ് പരാതി. കഴിഞ്ഞ ഞായറാഴ്ച രാത്രി 11.30ഓടെയാണ് സംഭവം. ഇന്ധനം നിറയ്ക്കാനായി പമ്പിലേക്ക് കയറ്റിയ ’വേടൻ’ എന്ന് പേരുള്ള ബസ് അശ്രദ്ധമായി പിന്നോട്ട് എടുത്തപ്പോൾ ഡിസ്പെൻസർ മെഷീനിൽ ഇടിക്കുകയായിരുന്നു. പുത്തൻകുരിശ് പൊലീസ് സ്ഥലത്ത് എത്തിയെങ്കിലും പൊലീസുകാർക്ക് നേരേയും സംഘം തട്ടി കയറി.

This is only an Advertisement for the information purpose and not for Publication, distribution, or release, directly or indirectly in the United States of America or otherwise outside India. This is not an offer document. All capitalized terms used and not defined herein shall have the meaning assigned to them in the Letter of Offer dated August 29, 2025 ('Letter of Offer') and Corrigendum to the Letter of Offer dated September 04 and September 16, 2025 respectively filed with the stock exchange where the Equity Shares of the Company are presently listed i.e., 'BSE Limited' ('BSE') and Securities and Exchange Board of India ('SEBI').

ECO HOTELS

ECO HOTELS AND RESORTS LIMITED

Corporate Identification Number: L55101KL1987PLC089987;
Registered Office: 67/6446, Basin Road, Cochin, Ernakulam High Court, Ernakulam 682031, Kerala, India.
Corporate Office: Block No 4, Second Floor Raj Mahal Building, Veer Nariman Road, Churchgate, Mumbai, Maharashtra, India, 400020;
Tel: +91 22 44550546; **Email id:** investor.relations@ecohotels.in; **Website:** www.ehrlindia.in
Contact Person: Ms. Heena Supadia, Company Secretary & Compliance Officer

SECOND CALL NOTICE TO THE HOLDERS OF PARTLY PAID-UP EQUITY SHARES OF ECO HOTELS AND RESORTS LIMITED HELD AS ON THE RECORD DATE I.E., THURSDAY, MARCH 19, 2026

In terms of provisions of the Companies Act, 2013 **('Act')** read with the relevant rules made thereunder, and the Letter of Offer dated August 29, 2025 **('Letter of Offer')**, and Corrigendum to the Letter of Offer dated September 04 and September 16, 2025 respectively the Second Call notice has been sent in electronic mode to the holders of partly paid-up equity shares ('Shareholders') whose e-mail addresses are registered with the Company or its Registrar and Share Transfer Agent ('RTA') or Depository Participant(s) as on the record date i.e., March 19, 2026. Further, physical copy of the Second Call Notice along with the detailed instructions and ASBA Form have been sent vide permitted modes of dispatch, at the registered addresses of those Shareholders a) who have not registered their e-mail address with the Company or its RTA or Depository Participant(s); or b) who have specifically registered their request for the hard copy of the same. The Company has completed the dispatch on March 23, 2026.

The Rights Issue Committee of the Board of Directors of the Company ('Board'), at its meeting held on March 14, 2026, had fixed Thursday, March 19, 2026, as the record date for the purpose of ascertaining the holders of Rights Equity Shares to whom the Second Call notice, would be sent. The Board also at the same meeting had approved making the Second Call of ₹3.80/- (Rupees Three & Eighty Paisa Only), (₹2.50 will be adjusted towards Face Value and ₹1.30/- towards the Securities Premium) and fixed the period of Second Call from which call money will be payable from Tuesday, April 07, 2026, and will close on Tuesday, April 21, 2026, both days inclusive ('Second Call'). The same was intimated to the stock exchange on March 14, 2026.

Accordingly, the Second Call notice has been served as per the details given below:

Payment Period	From	To	Duration
	Tuesday, April 07, 2026	Tuesday, April 21, 2026 (Latest by 5.00 p.m.)	15 Days
Mode of Payment	a. Online ASBA	Through the website of the SCSBs[1]	
	b. Physical ASBA	By submitting physical application to the Designated Branch of SCSBs[1] [2]	
	c. Online	Using the 3-in-1 online trading-demat-bank account wherever offered by brokers	

(1) Please visit https://www.sebi.gov.in/sebiweb/other/OtherAction.do?doRecognisedFpi=yes&intmId=35 to refer to the list of existing SCSBs [Self-Certified Syndicate Banks]
(2) Available only to resident shareholders

In accordance with the SEBI circular no. SEBI/HO/CFD/DIL1/CIR/238/2020 dated December 8, 2020, Shareholders can also make the Second Call Money payment by using the facility of linked online trading-demat-bank account [3-in-1 type accounts], provided by some of the brokers. Eligible Shareholders must log into their demat account and under the relevant section proceed with the payment for Second Call Money of Eco Hotels and Resorts Limited. Eligible Shareholders are requested to check with their respective brokers for exact process to be followed. Eligible Shareholders may please note that this payment method can be used only if the concerned broker has made this facility available to their customer. The Company, Advisor or Registrar to the Issue will not be responsible for non-availability of this payment method to the shareholders.

Shareholders are requested to make the Second Call money payment on or before Tuesday, April 21, 2026. Please also note the consequences of failure to pay Second Call Money, given below:

a. Interest @ 10.00 % (Ten per cent only) p.a. will be payable for delay in payment of Second Call beyond Tuesday, April 21, 2026 till the actual date of payment;
b. The Company shall be entitled to deduct from any dividend payable to you, all sums of money outstanding on account of calls and interest due thereon in relation to the partly paid-up equity shares of the Company; and
c. The partly paid-up Equity Shares of the Company currently held by you, including the amount already paid thereon are liable to be forfeited in accordance with the Articles of Association of the Company and the application form.

Shareholders may also note that:

(i) The ISIN "IN9638N01028" representing partly paid-up equity shares of face value of ₹ 10/- each (₹ 5.00/- paid-up) has been suspended by the Stock Exchange with effect from Wednesday, March 18, 2026 on account of the Second Call. The process of corporate action for converting the partly paid-up Rights Equity Shares to the fully paid-up Equity Shares under the present ISIN – INE638N01012 for the existing fully paid-up Equity Shares, allotted by the depositories, is estimated to be completed within two to three weeks from the last date of payment of the Final Call Money stipulated under the respective Notice.
(ii) In case of non- receipt of Second call money notice, shareholders can request the Registrar by e-mail or letter, for the duplicate call money notice, or may also download the same from the Company's website www.ehrlindia.in or the Registrar's website www.bigshareonline.com. In such a case, however the shareholder has to fill the DP & Client ID, number of partly paid-up shares held and amount payable towards the first call money.
(iii) All Eligible Shareholders should mention in the Application, his/her PAN number allotted under the Income Tax Act, 1961. Applications without PAN will be considered incomplete and are liable to be rejected.

All correspondence in this regard may be addressed to Registrar to the Issue at below mentioned address:

Bigshare Services Private Limited
Office No S6-2, 6th Floor, Pinnacle Business Park, Next to Ahura Centre, Mahakali Caves Road, Andheri (East) Mumbai– 400093.
Tel No.: +91 22–62638200.
Fax No.: +91–22–62638299.
Website: www.bigshareonline.com
E-mail ID: rightsissue@bigshareonline.com / investor@bigshareonline.com
Contact Person: Mr. Prabhakar
SEBI Registration No: INR000001385

For Eco Hotels and Resorts Limited
On Behalf of the Board of Directors
Sd/-
Mr. Vinod Kumar Tripathi
Executive Chairman
DIN: 00798632

Date: March 24, 2026
Place: Mumbai, Maharashtra

Edited, Printed and Published by Prasanth Narayanan on behalf of M/s.Vaartha News Network Pvt.Ltd., V. Reji Kumar (Executive Editor), Vol 19, Issue No.081 RNI No. KERMAL/ 2009/ 29279, Printed at S.T. Reddiar Printers, Veekshanam Road, Kochi- 682035 and Published from Vaartha News Network Pvt. Ltd, 3rd Floor, KTDFC Bldg., (KSRTC Bus Stand) Angamaly P.O. Ernakulam - 683572. Ph: 0484 2383388 Email: ekmbureau@metrovaartha.com, info@metrovaartha.com